**പതിമൂന്നാം കേരള നിയമസഭ**

**<u>പതിമൂന്നാം സമ്മേളനം</u>**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2288** — **18.03.2015 - ൽ മറുപടി നൽകേണ്ടിയിരുന്നത്.**

**പഴയന്നൂർ വ്യവസായ പാർക്കിൽ അടിസ്ഥാന സൗകര്യങ്ങൾ**

| ചോദ്യം<br>ശ്രീ. കെ. രാധാകൃഷ്ണൻ | | മറുപടി<br>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ മന്ത്രി) |
|---|---|---|
| (എ) ചേലക്കര മണ്ഡലത്തിൽ സിഡ്കോയ്ക്ക് വ്യവസായ പാർക്ക് സ്ഥാപിക്കുവാൻ പഴയന്നൂർ ഗ്രാമ പഞ്ചായത്ത് സൗജന്യമായി എത്ര ഭൂമിയാണ് നൽകിയതെന്ന് പറയാമോ : | (എ) : | ചേലക്കര മണ്ഡലത്തിൽ സിഡ്കോയ്ക്ക് വ്യവസായ പാർക്ക് സ്ഥാപിക്കുവാൻ പഴയന്നൂർ ഗ്രാമ പഞ്ചായത്ത് 5 ഏക്കർ ഭൂമി സൗജന്യമായി നൽകി. |
| (ബി) തുടർന്ന് പഴയന്നൂർ വ്യവസായ പാർക്കിൽ സിഡ്കോ എത്ര പ്ലോട്ടുകൾ ചെറുകിട വ്യവസായികൾക്ക് അനുവദിച്ചു നൽകിയെന്നും അതിൽ നിന്നും എത്ര തുക ലഭിച്ചുവെന്നും പറയാമോ ; | (ബി) : | 42 പ്ലോട്ടുകൾ ചെറുകിട വ്യവസായികൾക്ക് അനുവദിച്ചു നൽകുകയും അതിൽനിന്നും 55,09,386/- രൂപ ലഭിച്ചിട്ടുമുണ്ട്. |
| (സി) ഈ തുകയിൽ വ്യവസായ പാർക്കിനാവശ്യമായ റോഡ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാൻ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (സി) : | ഇന്റേണൽ റോഡ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് 21,53,600/- രൂപ ചെലവഴിച്ചു. |
| (ഡി) വ്യവസായ പാർക്ക് പ്രവർത്തനം ആരംഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ഇനിയും അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കാത്തത് വ്യവസായ സംരംഭകർക്ക്,ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ ; | (ഡി) & : (ഇ) | പരാതി ലഭിച്ചിട്ടുണ്ട്. എന്നാൽ പരാതി പരിഹരിച്ച് വ്യവസായ പാർക്കിൽ അടിസ്ഥാന സൗകര്യങ്ങൾ പൂർണമായും നടപ്പിലാക്കുവാൻ നിർവാഹമില്ല. കാരണം ഇവിടെ ഇടയ്ക്കിടെയുണ്ടാകുന്ന വൈദ്യുതി തടസ്സം പരിഹരിക്കേണ്ടത് KSEB ആണ്. പാർക്കിന്റെ അപ്രോച്ച് റോഡ് ബന്ധപ്പെട്ട പഞ്ചായത്ത് അധികാരികൾ സിഡ്കോയ്ക്ക് |

| | | |
|---|---|---|
| (ഇ) | എങ്കിൽ പരാതി പരിഹരിച്ച് വ്യവസായ പാർക്കിൽ അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായും നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ? | കൈമാറിയിട്ടില്ലാത്തതിനാൽ ഇത് ടാർ ചെയ്യാൻ കോർപ്പറേഷന് കഴിയുകയില്ല. കൂടാതെ ഫണ്ടിന്റെ അഭാവം മൂലം ഇന്റേണൽ റോഡിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിനും ഇപ്പോൾ നിർവാഹമില്ല. |

സെക്ഷൻ ഓഫീസർ